# മലയാണ്മ മുദ്ര

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

രണ്ട് റിപ്പബ്ലിക്കൻ തുമ്പിക്കൈകൾ,
നാലു മൃഗരാജർ
പുറം തിരിഞ്ഞിരിക്കുന്ന,
ഖനനം ചെയ്തെടുത്ത
അശോകസ്തംഭത്തെ,
തൊട്ടു തടവുന്നു —
ഡെമോക്രസിയുടെ പേരിൽ!

താഴെ ശ്രീപദ്മനാഭന്റെ
മുക്തി നൽകുന്ന ശംഖ് —
മഹാലക്ഷ്മിയുടെ
ദീർഘായുസ്സിന്റെ യുദ്ധക്കാഹളം!

അടിത്തട്ടിനു മുമ്പ്
ശീമക്കൈരളികളിൽ വെവ്വേറെ
“നമ്മുടെ സർക്കാർ" എന്ന് ലിഖിതം.

അവസാനം, ഏക ആശ്രയമായ
പഴകിയ ചൊൽപ്പല്ലവി:
“സത്യമേവ ജയതേ!”
*************************************************************